**Kudumbashree**
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

3537/സി/2015/കെഎസ്എച്ച്ഒ                                                    29...05.2018

# പരിപത്രം

വിഷയം: കുടുംബശ്രീ - 4% പലിശയ്ക്ക് അയൽക്കൂട്ട വായ്പ - വിതരണ നടപടിക്രമം ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന: *28.12.2016* തീയ്യതിയിലെ ഇതേ നമ്പർ പരിപത്രം

സൂചന പ്രകാരം സംസ്ഥാനമൊട്ടാകെയുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ബാങ്ക് ലിങ്കേജ് വായ്പയുടെ 4% പലിശ കഴിച്ചുള്ള പലിശതുക (പരമാവധി 8.5%) സബ്സിഡിയായി നൽകിവരുന്നു. നിലവിൽ എൻ.ആർ.എൽ.എം പദ്ധതി പ്രകാരം പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി ജില്ലകളിൽ 4% പലിശയ്ക്കും മറ്റു ജില്ലകളിൽ 7% പലിശയ്ക്കും ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാക്കി വരുന്നു. ടി സാഹചര്യത്തിൽ മേൽ പറഞ്ഞിരിക്കുന്ന ജില്ലകൾക്ക് പുറമേയുള്ള പത്ത് ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) എൻ.ആർ.എൽ.എം പദ്ധതി പ്രകാരം നൽകുന്ന പലിശ സബ്സിഡിക്കു പുറമെയുള്ള 3% പലിശ സബ്സിഡി മാത്രം പ്ലാൻ ഫണ്ടിൽ നിന്നും നൽകിയാൽ എൻ.ആർ.എൽ.എം ഫണ്ടും പ്ലാൻ ഫണ്ടും പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിക്കും. ആയതു പ്രകാരം പലിശ സബ്സിഡി വിതരണം ചെയ്യുന്നതിൽ അവശ്യമായ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

- 2018 ഏപ്രിൽ മുതൽ ബാങ്ക്ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പുതുക്കിയ മാർഗ്ഗരേഖ പ്രകാരമാണ് പലിശ സബ്സിഡി വിതരണം ചെയ്യേണ്ടത്.
- **ജില്ലകളിലെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്ക് സൂചന പരിപത്രം പ്രകാരം തന്നെപലിശ സബ്സിഡി വിതരണം ചെയ്യേണ്ടതാണ്.** (എൻ.ആർ.എൽ.എം പലിശ സബ്സിഡി സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്താത്തതിനാൽ)
- നഗര സി.ഡി.എസിലെ അയൽക്കൂട്ടങ്ങൾക്ക് എൻ.യു.എൽ.എം പദ്ധതിയിൽ നിന്നും പലിശ സബ്സിഡി ലഭ്യമാകുന്നതിനാൽ അവയെ പ്ലാൻ ഫണ്ട് സബ്സിഡിക്ക് പരിഗണിക്കേണ്ടതില്ല.

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

## എൻആർഎൽഎം പലിശ സബ്സിഡി പദ്ധതി പരിചയപ്പെടുത്തൽ

എൻആർഎൽഎം പലിശ സബ്സിഡി പദ്ധതി രണ്ടു വിധത്തിലാണ് നടപ്പിലാക്കുന്നത്:-

1) കാറ്റഗറി -1 ജില്ലകൾ
2) കാറ്റഗറി -2 ജില്ലകൾ

- **കാറ്റഗറി –1 ജില്ലകൾ**

കേരളത്തിലെ പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി ജില്ലകളെയാണ് കാറ്റഗറി -1 ജില്ലകളായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ജില്ലകളിൽ പൊതുമേഖലാ ബാങ്കുകളിൽ നിന്നും റീജയണൽ റൂറൽ ബാങ്കുകളിൽ (കേരള ഗ്രാമീൺ ബാങ്ക്) നിന്നും വായ്പ എടുത്തിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് എൻ.ആർ.എൽ.എം. പദ്ധതി പ്രകാരം നേരിട്ട് നോഡൽ ബാങ്കു മുഖേന ഓരോ ബാങ്കുകൾക്കും സബ്സിഡി വിതരണം ചെയ്യുന്നു. മേൽ പറഞ്ഞിരിക്കുന്ന ജില്ലകളിലെ പബ്ലിക് സെക്ടർ ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് 7% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതാണ്. ഇപ്രകാരം വായ്പ അനുവദിച്ച ശേഷം, 7% കഴിച്ചുള്ള പലിശ തുക ബാങ്കുകൾ നേരിട്ട് നോഡൽ ബാങ്കായ കാനറാ ബാങ്കിനോട് ക്ലെയിം ചെയ്യുകയും ആയത് കാനറാ ബാങ്ക് ബന്ധപ്പെട്ട ബാങ്കുകൾക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. റീജയണൽ റൂറൽ ബാങ്കുകൾ 7% കഴിച്ചുള്ള പലിശ തുക ക്ലെയിം ചെയ്യേണ്ടത് നബാർഡിനോടാണ്. കൃത്യമായി തിരിച്ചടവ് നടത്തുന്ന അയൽക്കൂട്ടങ്ങൾക്ക് ഈ രണ്ടു ജില്ലകളിൽ അധികമായി 3% പലിശ സബ്സിഡി കൂടി ലഭ്യമാകുന്നതാണ്. ഇതും പബ്ലിക് സെക്ടർ ബാങ്കുകൾക്ക് നോഡൽ ബാങ്കായ കാനറാ ബാങ്കു മുഖേനയും റീജയണൽ റൂറൽ ബാങ്കുകൾക്ക് നബാർഡ് മുഖേനയുമാണ് ലഭ്യമാക്കുന്നത്.

- **കാറ്റഗറി –2 ജില്ലകൾ**

പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി എന്നീ രണ്ടു ജില്ലകൾ ഒഴികെയുള്ള 10 ജില്ലകളിൽ കാറ്റഗറി -2 വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ജില്ലകളിൽ പബ്ലിക്ക് സെക്ടർ ബാങ്കുകളിൽ നിന്നും റീജയണൽ റൂറൽ ബാങ്കുകളിൽ (കേരള ഗ്രാമീൺ ബാങ്ക്) നിന്നും വായ്പ എടുത്തിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കേന്ദ്ര സർക്കാർ (എൻആർഎൽഎം) പലിശ സബ്സിഡി വിതരണം ചെയ്യുന്നത് കുടുംബശ്രീ മുഖേനയാണ്. പ്രസ്തുത 10 ജില്ലകളിൽ പബ്ലിക് സെക്ടർ ബാങ്കുകളും റീജയണൽ റൂറൽ ബാങ്കും അയൽക്കൂട്ടങ്ങൾക്ക് ബാങ്കിന്റെ യഥാർത്ഥ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതാണ്. ഇപ്രകാരം വായ്പ അനുവദിച്ച കഴിഞ്ഞാൽ, ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുള്ള മുഴുവൻ എസ്എച്ച്ജികളുടെയും വായ്പ വിവരങ്ങളും ഓരോ മാസത്തേയും തിരിച്ചടവ് വിവരങ്ങളും എല്ലാ മാസവും എൻആർഎൽഎം-എംഐഎസ്സിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതാണ്. എൻആർഎൽഎം-എംഐഎസ്സിൽ നിന്നും വിവരങ്ങൾ കുടുംബശ്രീക്ക് ലഭ്യമാകുകയും ഇതിൽ നിന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങളെ കുടുംബശ്രീ മിഷൻ കണ്ടെത്തി അർഹമായ പലിശ സബ്സിഡി തുക വിതരണം ചെയ്യുന്നതിനായി നോഡൽ ബാങ്കിംഗിനു സമർപ്പിക്കുന്നതാണ്.

## പലിശ സബ്സിഡി വിതരണം ചെയ്യേണ്ട വിധം

1. ജില്ലാമിഷൻ ബാങ്ക് ലിങ്കേജ് പോർട്ടലിൽ (daynrlmbl.ajeevika.gov.in) അയൽക്കൂട്ടങ്ങളുടെ മാപ്പിംഗ് കൃത്യമായി നാളതീകരിച്ചിരിക്കണം.
2. എൻ.ആർ.എൽ.എം ഫണ്ടിൽ നിന്നും എൻ.ആർ.എൽ.എം മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാനമിഷൻ അയൽക്കൂട്ടങ്ങളുടെ 3 ലക്ഷം രൂപവരെയുള്ള ലോണിന് 7% കിഴിച്ച് ബാക്കി തുക പലിശ സബ്സിഡിയായി വിതരണം ചെയ്യുന്നതും ശേഷം പലിശ സബ്സിഡി വിതരണം ചെയ്ത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് ജില്ലകൾക്ക് ലഭ്യമാക്കുന്നതുമാണ്.
3. ജില്ലയിൽ ലഭിക്കുന്ന പലിശ സബ്സിഡി അപേക്ഷയിൽ മേൽ ലിസ്റ്റിൽ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് മാത്രം 3% പലിശ സബ്സിഡി പ്ലാൻ ഫണ്ടിൽ നിന്നും അയൽക്കൂട്ടങ്ങളുടെ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യേണ്ടതാണ്.
4. കൂടാതെ സംസ്ഥാനമിഷൻ ലഭ്യമാക്കുന്ന ലിസ്റ്റിൽ ഉൾപ്പെടാത്ത അയൽക്കൂട്ടങ്ങൾക്ക് സുചന പരിപത്രം പ്രകാരം പലിശ സബ്സിഡി വിതരണം ചെയ്യേണ്ടതാണ്.
5. എൻ.ആർ.എൽ.എം ഫണ്ടിന്റെ അപര്യാപ്തത നേരിടുമ്പോൾ സംസ്ഥാനമിഷൻ എൻ.ആർ.എൽ.എം ബാങ്ക് ലിങ്കേജ് പോർട്ടലിൽ നിന്നും പലിശ സബ്സിഡി നൽകേണ്ട അയൽക്കൂട്ടങ്ങളുടെ ലിസ്റ്റും പലിശ സബ്സിഡി തുകയും ബാങ്ക് അക്കൗണ്ട് നമ്പർ സഹിതം ജില്ലകൾക്ക് ലഭ്യമാക്കുന്നതാണ്. ജില്ലകൾ ടി ലിസ്റ്റ് അനുസരിച്ചുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതും, ജില്ലയിൽ ലഭിക്കുന്ന പലിശ സബ്സിഡി അപേക്ഷയിൽ മേൽ ലിസ്റ്റിൽ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് മാത്രം 3% പലിശ സബ്സിഡി പ്ലാൻ ഫണ്ടിൽ നിന്നും അയൽക്കൂട്ടങ്ങളുടെ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യേണ്ടതുമാണ്.

- തിരിച്ചടവ് കാലാവധിക്കനുസരിച്ച് സബ്സിഡി തുക വ്യത്യാസപ്പെടും, ഉദാ:- 5 വർഷം തിരിച്ചടവ് കാലാവധിയുള്ള ഒരു അയൽക്കൂട്ടത്തിന് 5 ഗഡുക്കളായിട്ടാണ് വിതരണം ചെയ്യേണ്ടത്.
- അയൽക്കൂട്ടങ്ങൾക്ക് അവരുടെ അവശ്യമനുസരിച്ച് ബാങ്കിന്റെ നിയമങ്ങൾക്കനുസരിച്ച് വായ്പ എടുക്കാവുന്നതാണ് പക്ഷെ, 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്കു മാത്രമേ പലിശസബ്സിഡി ആനുകൂല്യം ലഭ്യമാകുകയുള്ളൂ. (ഉദാ:- ഒരു അയൽക്കൂട്ടം 10 ലക്ഷം രൂപയുടെ ലിങ്കേജ്

വായ്പ എടുത്താൽ അവർക്ക് 3 ലക്ഷത്തിന് പലിശ സബ്സിഡി ലഭ്യമാകുന്നതാണ്.)

- പരമാവധി 12.5% പലിശയ്ക്കുള്ള ലിങ്കേജ് വായ്പയ്ക്ക് 4% കുറവുചെയ്ത് പരമാവധി 8.5% പലിശ സബ്സിയാണ് ലഭ്യമാക്കുന്നത്. വായ്പ പലിശ 12.5%- ത്തിൽ കുറയുന്നതനുസരിച്ച് പലിശ സബ്സിഡിയും ക്രമാതീതമായി കുറയുന്നതാണ്.
- ഓരോ മൂന്നുമാസം കൂടുമ്പോഴും പലിശ സബ്സിഡി അപേക്ഷകൾ പ്രോസസ് ചെയ്യേണ്ടതും ഫണ്ട് വിതരണം ചെയ്ത ശേഷം ലിസ്റ്റ് സംസ്ഥാനമിഷന് ലഭ്യമാക്കേണ്ടതുമാണ്.
- സി.ഡി.എസിൽ നിന്നും പലിശ സബ്സിഡി അപേക്ഷയോടൊപ്പം അപേക്ഷയിലെ വിവരങ്ങളുടെ ക്രോഡീകരിച്ച സോഫ്റ്റ് കോപ്പി കൂടെ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.
- **തിരിച്ചടവുകളിൽ പാളിച്ചകളോ പാകപ്പിഴകളോ വരുത്തിയിട്ടുണ്ടെങ്കിൽ മുകളിൽ പരാമർശിച്ച എല്ലാ സാഹചര്യത്തിലും സബ്സിഡി ആനുകൂല്യത്തിന് പ്രസ്തുത ഗ്രൂപ്പ് അയോഗ്യരായിത്തീരും.**

2/5

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. എല്ലാ കാസ്സ് അംഗങ്ങൾക്കും(ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം